പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6507 — 09. 07. 2014 ൽ മറുപടിക്ക്

## ഗ്രാറ്റുവിറ്റിയുടെ പലിശ തിരിച്ചുപിടിച്ച നടപടി

ചോദ്യം — ഉത്തരം

ശ്രീമതി .പി.അയിഷാ പോറ്റി — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ബോർഡിൽ 1994 ന ശേഷം വിരമിച്ച ജീവനക്കാർക്ക് വിതരണം ചെയ്ത അധിക ഗ്രാറ്റുവിറ്റി സംഖ്യയുടെ അർഹമായ പലിശ തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിനുണ്ടായ സാഹചര്യം വിശദമാക്കുമോ; | (എ) അർഹമായ പലിശ തിരിച്ചുപിടിക്കാൻ നിർദ്ദേശം നൽകിയിട്ടില്ല. 24.05.1994 ന് ശേഷം വിരമിച്ച ജീവനക്കാർക്ക്, 1972 ലെ ഗ്രാറ്റുവിറ്റി കൊടുക്കൽ നിയമം അനുസരിച്ച് വിരമിച്ച തീയതി മുതൽ ഗ്രാറ്റുവിറ്റി തുക അനുവദിച്ച തീയതി വരെയുള്ള പലിശ നൽകിയിട്ടുള്ളതാണ്. എന്നാൽ ബോർഡിൽ ഗ്രാറ്റുവിറ്റി നിയമം നടപ്പിലാക്കിയ 24.05.2011 മുതലുള്ള പലിശ നൽകിയാൽ മതിയെന്നും അതുവരെയുള്ള കാലയളവിന് നൽകിയ അധിക പലിശ തിരിച്ചു പിടിക്കണമെന്നുമാണ് 10.06.2014 ലെ ബോർഡ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. 24.05.2011 മുതൽ തുക നൽകുന്ന തീയതി വരെയുള്ള അർഹമായ പലിശ നൽകുന്നതിന് യാതൊരുവിധ തടസ്സവും നിലവിലില്ല. |
| (ബി) കേന്ദ്ര ഗ്രാറ്റുവിറ്റി നിയമപ്രകാരം വിതരണം ചെയ്ത അധിക ഗ്രാറ്റുവിറ്റിക്ക് അർഹമായ പലിശ നൽകണമെന്ന കോടതി വിധി നിലവിലുണ്ടോ; | (ബി) പലിശ ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിച്ച വിരമിച്ച ജീവനക്കാരുടെ കേസുകളിൽ ചിലതിന്മേൽ അവർക്ക് അർഹമായ പലിശനൽകണമെന്ന കോടതി വിധി ഉണ്ടായിട്ടുണ്ട്. |
| (സി) വിരമിച്ച ജീവനക്കാർക്ക് അർഹമായി ലഭിക്കേണ്ട പലിശ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഗ്രാറ്റുവിറ്റി നിയമം ബോർഡിൽ നടപ്പിലാക്കിയ തീയതിയായ 24.05.2011 മുതൽ തുക നൽകുന്ന തീയതി വരെയുള്ള പലിശ കണക്കാക്കി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ